**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 12** **22-07-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് റിലീഫ് പാക്കേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് കാലത്ത് ജീവനം വഴിമുട്ടിയ സെയിൽസ് ഗേളുകൾ, പന്തൽ തൊഴിലാളികൾ, കാറ്ററിംഗ് തൊഴിലാളികൾ, ലോട്ടറി വിൽപ്പനക്കാർ, കയർ - കശുവണ്ടി തൊഴിലാളികൾ, സ്വകാര്യ ബസ് തൊഴിലാളികൾ തുടങ്ങിയവർക്കായി സർക്കാരിന്റെ സാമ്പത്തിക പരിമിതിയിൽ നിന്നു കൊണ്ട് ഒരു വൺ ടൈം ആശ്വാസ ധനസഹായ പദ്ധതിയും പഠനോപകരണ വിതരണ പദ്ധതിയും നടപ്പിലാക്കുന്നത് പരിഗണിക്കാമോ; | (എ) | കോവിഡ് സാഹര്യത്തിൽ വിവിധ ക്ഷേമനിധി ബോർഡുകളിലെ അംഗങ്ങൾക്ക് ആശ്വാസ ധനസഹായം നൽകിയ വകയിൽ സാമ്പത്തിക ഭദ്രത കുറഞ്ഞ ക്ഷേമനിധി ബോർഡുകൾക്ക് സർക്കാർ 1000 രൂപയുടെ ആശ്വാസ ധനസഹായം 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ അനുവദിച്ചിട്ടുണ്ട്. കൂടാതെ കോവിഡ് സാഹചര്യത്തിൽ സാമൂഹ്യ സുരക്ഷാ/ക്ഷേമ പെൻഷനുകൾ ലഭിക്കാത്ത ഓരോ BPL(PHH), AAY കുടുംബത്തിനും 1000 രൂപയുടെ ധനസഹായവും സർക്കാർ അനുവദിച്ചിരുന്നു. ചോദ്യത്തിൽ ഉന്നയിച്ചിട്ടുള്ള മറ്റ് വിഷയങ്ങളെ സംബന്ധിച്ച് വിവരം ശേഖരിച്ച് വരുന്നു |
| (ബി) | പ്രസ്തുത വിഭാഗം തൊഴിലാളികൾക്ക് പ്രത്യേകമായി ഒരു ഭക്ഷ്യേതര കോവിഡ് റിലീഫ് പാക്കേജ് നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ? | (ബി) | സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ